**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1649 — 04/12/2015-ൽ മറുപടിയ്ക്ക്

# നൂതനമായ കൃഷി രീതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കാർഷിക രംഗത്തേക്ക യുവജനങ്ങളെ ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) **1. പോളി ഹൗസ് കൃഷി രീതി**<br>കാർഷിക രംഗത്ത് യുവജനങ്ങളെ ആകർഷിക്കുന്നതിന് വേണ്ടി ആരംഭിച്ച കൃഷി രീതി ആണ് പോളിഹൗസ് കൃഷി രീതി. 2012-13 വർഷം മുതൽ കൃഷി വകുപ്പ്, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന പോളി ഹൗസ് കൃഷിക്ക് ധനസഹായം നല്കിവരുന്നു. ചുരുങ്ങിയ വിസ്തൃതിയിൽ നിന്നും പരമാവധി ഉത്പാദനം ലഭ്യമാക്കുക എന്നതാണ് ഈ ഹൈടെക് കൃഷി രീതികൊണ്ട് ഉദ്ദേശിക്കുന്നത്. 400 മുതൽ 4000 സ്ക്വ.മീ വരെ വിസ്തീർണ്ണമുള്ള പോളീഹൗസുകൾക്ക് 75 ശതമാനം ധനസഹായം നല്കി വരുന്നു. പഴം, പച്ചക്കറി, പുഷ്പകൃഷി എന്നിവയ്ക്കാണ് പോളിഹൗസ് കൃഷി രീതി അവലംബിക്കുന്നത്. ഹൈടെക് കൃഷിയിലൂടെ വിദ്യാസമ്പന്നരായ യുവാക്കളെ കാർഷിക മേഖലയിലേക്ക് കൂടുതൽ ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്.<br>കർഷകർക്കും യുവജനങ്ങൾക്കും ഹൈടെക് കൃഷിയോട് ആഭിമുഖ്യം വരുത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്റർ, തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചർ എഞ്ചിനിയറിംഗ് ആന്റ് |

ടെക്നോളജി എന്നിവിടങ്ങളിൽ പരിശീലനം നൽകി വരുന്നു. കൂടാതെ എല്ലാ ജില്ലയിലും ഹൈടെക് കൃഷി ചെയ്യുവാൻ താത്പര്യമുള്ളവർക്ക് പരിശീലനം ലഭ്യമാക്കുന്നതാണ്. കൂടാതെ, ഹൈടെക് ഫാമിംഗ് പദ്ധതിയ്ക്കായുള്ള അപേക്ഷകളിൽ യുവജനങ്ങൾക്ക് മുൻഗണനനൽകി വരുന്നു.

**2. ആഗ്രോ സർവ്വീസ് സെന്റർ.**

യുവാക്കൾക്ക് കാർഷിക മേഖലയിൽ പരമാവധി തൊഴിൽ സദ്ധ്യത ഉറപ്പാക്കാൻ കഴിയുന്ന സ്ഥാപനങ്ങളാണ് ആഗ്രോ സർവ്വീസ് സെന്റർ. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യം വേണ്ട ഉപാധികളായ നടീൽ വസ്തുക്കൾ, വളങ്ങൾ, ജൈവ രാസ കീടനാശിനികൾ, തൊഴിലാളികൾ എന്നിവയുടെ ലഭ്യത ഒരു കടക്കീഴിൽ ആക്കി കർഷകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കിയ സ്ഥാപനങ്ങളാണ് കാർഷിക സേവന കേന്ദ്രങ്ങൾ അഥവാ ആഗ്രോ സർവ്വീസ് സെന്ററുകൾ. 14 ജില്ലകളിലായി 35+14=49 കേന്ദ്രങ്ങൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്.

**3. കാർഷിക കർമ്മ സേന.**

കർഷകർക്ക് യഥാസമയം കുറഞ്ഞ ചെലവിൽ മികച്ച സേവനം യന്ത്രവത്ക്കരണത്തിലൂടെ ശാസ്ത്രീയമായി ചെയ്തു കൊടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച പരിശീലനം സിദ്ധിച്ച തൊഴിലാളികൾ അടങ്ങുന്ന ഒരു സംവിധാനമാണ് കാർഷിക കർമ്മസേന. തെരഞ്ഞെടുക്കപ്പെട്ട 200 പഞ്ചായത്തുകളിൽ കാർഷിക കർമ്മസേന രൂപവത്ക്കരിക്കപ്പെട്ടിട്ടുണ്ട്. 18 വയസ്സ് തികഞ്ഞ കാർഷികവൃത്തി ചെയ്യാൻ താല്പര്യമുള്ള യുവതീയുവാക്കളെ കർമ്മസേനയിൽ അംഗങ്ങളാക്കുന്നു. ഓരോ കർമ്മസേനയ്ക്കും ആവശ്യമായ യന്ത്രസാമഗ്രികൾ, അംഗങ്ങൾക്ക് വേണ്ട

| | | | |
|---|---|---|---|
| | | | പരിശീലനം എന്നിവ കൃഷി വകുപ്പ് നല്കി വരുന്നു. പദ്ധതി യുവാക്കൾക്ക് കൂടുതൽ തൊഴിലവസരം നല്കാൻ ഉപകരിക്കുന്നു. |
| ബി) | നൂതനമായ കൃഷി രീതികൾ അവലംബിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | ഹൈടെക് കൃഷിരീതികളായ പ്രിസിഷൻ ഫാമിംഗ്, പോളിഹൗസ് കൃഷി, പച്ചക്കറി കൃഷിയിൽ മൈക്രോ ഇറിഗേഷൻ വിത്ത് ഫെർട്ടിലൈസേഷൻ, റെയിൻ ഷെൽട്ടർ എന്നീ പദ്ധതികൾ സബ്സിഡി നല്കി നടപ്പാക്കി വരുന്നു.<br>ജില്ലാ-ബ്ലോക്ക് തലങ്ങളിൽ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും നൂതന കൃഷി രീതികളെക്കുറിച്ചുള്ള പരിശീലന- ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ, മറ്റ് സംസ്ഥാനങ്ങളിലെ മികച്ച പോളീഹൗസുകൾ സന്ദർശിക്കുന്നതിനും സാങ്കേതിക വിദ്യ സ്വായത്തമാക്കുവാനുമായി തിരഞ്ഞെടുക്കപ്പെട്ട ഹൈടെക് കർഷകർക്ക് പഠനയാത്രകൾക്കായും ധനസഹായം നൽകി വരുന്നു. |
| സി) | സംസ്ഥാനത്ത് എത്ര പോളി ഫാം യൂണിറ്റുകളുണ്ടെന്ന് വ്യക്തമാക്കുമോ; | സി) | സംസ്ഥാനത്ത് ആകെ 785 പോളീഹൗസ് സ്ട്രക്ച്ചറുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും അവയിൽ കൃഷി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 412 പോളീഹൗസുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. |
| ഡി | കാർഷിക രംഗം ആകർഷകമാക്കുന്നതിന് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ഡി | മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ സംസ്ഥാനത്തെ കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് വിവിധ സംസ്ഥാനവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. കേരളത്തിലെ പ്രധാന വിളകളായ നാളികേരം, പച്ചക്കറി വാഴ, നെല്ല് എന്നിവയുടെ വിളവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും ഉല്പാദനം, ഉല്പാദനക്ഷമത |

എന്നിവ വർദ്ധിപ്പിക്കുന്നതിനും പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിത്ത് / തൈ വിതരണം മുതൽ വിളവെടുപ്പ് വരെയുള്ള വിവിധ കാർഷിക പ്രവൃത്തികൾക്ക് പദ്ധതി മുഖേന ധനസഹായം നല്കി വരുന്നു. കൂടാതെ മറ്റ് വിളകളായ കുരുമുളക്, മറ്റ് സുഗന്ധവ്യഞ്ജന വിളകൾ പയർ, കിഴങ്ങ് വർഗ്ഗവിളകൾ എന്നിവയുടെ കൃഷി പരിപോഷിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

വിളകളിലെ കീട-രോഗബാധ മുൻകൂർ മനസ്സിലാക്കി ആവശ്യമായ കരുതൽ നടപടി സ്വീകരിക്കുന്നതിനും ഇവ നിയന്ത്രിക്കുന്നതിനും വേണ്ട സാങ്കേതിക സഹായം നല്കുന്നതിനായി വിവിധ പഞ്ചായത്തുകളിൽ 118 എണ്ണവും 4 എണ്ണം ജില്ലാതലത്തിലും വിള ആരോഗ്യ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. മണ്ണിന്റെ ആരോഗ്യ പരിപാലന പദ്ധതിയനുസരിച്ച് മണ്ണ് പരിശോധനയിലൂടെ വളപ്രയോഗ ശുപാർശ, കുമ്മായം പോലുള്ള ഘടകങ്ങൾ മണ്ണിൽ ചേർക്കുന്നതിന് ധനസഹായം എന്നിവ നല്കി വരുന്നു.

കാർഷിക മേഖല യിലെ പുത്തൻ അറിവുകൾ കർഷകരിലേക്കെത്തിക്കുന്നതിന് കാർഷിക വിജ്ഞാന വ്യാപന പദ്ധതി സഹായിക്കുന്നു. വിവിധ പരിശീലന പരിപാടികൾ, മേളകൾ, പ്രദർശനങ്ങൾ, പഠന യാത്രകൾ എന്നിവ ടി പദ്ധതിയുടെ ഭാഗമായി നടത്തി വരുന്നു.

ജൈവ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന "ജൈവകൃഷി വികസന പദ്ധതി" വഴി ജൈവകർഷകർക്ക് ഉല്പാദനം, വിപണനം എന്നിവയ്ക്ക് വേണ്ട സഹായം വിഭാവന ചെയ്യുന്നു.

കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 6 മൊത്ത വ്യാപാര കാർഷിക വിപണികൾ മുഖേനയും വിവിധ

പ്രാദേശിക വിപണികൾ മുഖേനയും കാർഷികോല്പന്നങ്ങളുടെ സംഭരണം, അവ ലേലം ചെയ്യുന്നതിലൂടെ മികച്ച വരുമാനം എന്നിവ കർഷകർക്ക് സാദ്ധ്യമാക്കുന്നു.

നാളികേരത്തിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നമായ നീരയുടെ ഉല്പാദനത്തിനും വിപണനത്തിനും നടപ്പിലാക്കി വരുന്ന പദ്ധതികൾ ഈ മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോജക്റ്റ് അടിസ്ഥാനത്തിൽ ധനസഹായം നല്കി വരുന്നു.

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നല്കുന്നതിനായി വിള ഇൻഷ്വറൻസ് പദ്ധതി, അത്തരം സാഹചര്യങ്ങളെ തരണം ചെയ്ത് വിള ഉല്പാദനം ഉറപ്പാക്കുന്നതിന് കണ്ടിജൻസി പ്രോഗ്രാം എന്നിവയും നടപ്പിലാക്കി വരുന്നു.

ഇപ്രകാരം സമഗ്ര കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുക വഴി കൃഷി ലാഭകരമാക്കി ഈ രംഗത്ത് കർഷകരെ നിലനിർത്തുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ